വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) ടിക്കറ്റേതര വരുമാനം വർദ്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക ശേഷി കഴിയുന്നത്ര കൂട്ടുക എന്നതാണ് ഉദ്ദേശിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യും കെ.റ്റി.ഡി.എഫ്.സി.-യും ചേർന്നുള്ള സംരംഭങ്ങളിൽ ബി.ഒ.റ്റി. കാലയളവിൽ കടമുറികൾ വാടകയ്ക്ക് നൽകുന്നതുവഴി ലഭിക്കുന്ന വരുമാനത്തിൽ ചെലവ് കഴിച്ചുള്ള തുകയുടെ 50 ശതമാനം കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്നതാണ്. ബി.ഒ.റ്റി. കാലാവധി കഴിഞ്ഞാൽ പദ്ധതി പൂർണ്ണമായും കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറുന്നതാണ്.

(സി) തിരുവനന്തപുരം തമ്പാനൂർ, തിരവല്ല, അങ്കമാലി, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ കെ.റ്റി.ഡി.എഫ്.സി.-യുമായി ചേർന്ന് ബി.ഒ.റ്റി. അടിസ്ഥാനത്തിലാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഇതു കൂടാതെ മറ്റ സ്ഥലങ്ങളിൽ കെ.എസ്.ആർ.ടി.സി. നേരിട്ട് പലിശ രഹിത നിക്ഷേപം സ്വീകരിച്ച് നിർമ്മാണ പ്രവർത്തനം നടത്തുന്നുണ്ട്.

(ഡി) 5-11-2007-ലെ G.O. (Ms.) No. 46/07/Tran. 23-1-2010-ലെ G.O. (Ms.) No. 5/2010/Tran. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് കെ.റ്റി.ഡി.എഫ്.സി. ബസ് ടെർമിനൽ പ്രോജക്ടുകൾ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ ഏറ്റെടുത്തിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. നേരിട്ട് നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് പ്രാരംഭ പ്രവൃത്തികൾക്കായി പ്ലാൻ ഫണ്ടിൽ ലഭ്യമാകുന്ന ഒരു നിശ്ചിത തുക വകയിരുത്തുകയും ഓരോ പ്രോജക്ടിലും ബാക്കി തുക സമാഹരിക്കുന്നതിനായി വ്യാപാരാവശ്യത്തിന് സ്ഥലം വേണമെന്നുള്ളവരിൽനിന്നും ടെണ്ടർ/ലേലം നടപടികൾ നടത്തി പലിശ രഹിത നിക്ഷേപം സ്വീകരിച്ച് പദ്ധതി നിർവ്വഹണം നടത്തിവരുന്നു.

എയർ കേരള വിമാന പദ്ധതി

10 (*460) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെയും സിയാൽ കമ്പനിയുടെയും ഉടമസ്ഥതയിലുള്ള എയർ കേരള വിമാന പദ്ധതി പ്രകാരം വിമാന സർവ്വീസ് ആരംഭിക്കുന്നതിനുള്ള നിബന്ധനകളെല്ലാം പാലിക്കപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിക്കായി കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അനുമതി നേടിയെടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) ഇല്ല. കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പരിചയവും, 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. എയർ കേരള ഇന്റർനാഷണൽ സർവ്വീസ് കമ്പനിക്ക് പ്രസ്തുത യോഗ്യതകൾ ഇല്ലാത്തതിനാലാണ് നിബന്ധനകൾ പാലിക്കപ്പെടാൻ കഴിയാത്തത്.

(ബി) ഇല്ല. എയർ കേരള ഇന്റർനാഷണൽ സർവ്വീസ് കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവുചെയ്ത് നൽകണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്തർദ്ദേശീയ വ്യോമയാന മേഖലയിലെ ദീർഘകാല പ്രവൃത്തി പരിചയം കണക്കിലെടുത്ത് സിയാലിന്റെ നേതൃത്വത്തിൽ 'AIR KERALA' എന്ന പേരിൽ International Budget Air അനുവദിക്കുന്നതിന് ആവശ്യമായ ഇളവുകളും അനുമതിയും നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് സംസ്ഥാന സർക്കാർ നിരന്തരം ആവശ്യപ്പെട്ടുവരുന്നുണ്ട്. 8-6-2015-ലും മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

കൊഞ്ചുവളർത്തൽ പദ്ധതി

11 (*461) ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെമ്മീൻ കയറ്റുമതിയിൽ, പ്രധാനമായും വളർത്തു കൊഞ്ചിൽ നിന്നാണ് കൂടുതൽ വരുമാനം ലഭിക്കുന്നതെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിൽ സംസ്ഥാനത്തിന്റെ സംഭാവന എത്രത്തോളമെന്ന് വിശദമാക്കുമോ ;

(സി) കയറ്റുമതി പ്രാധാന്യമുള്ള കൊഞ്ചിനങ്ങൾ കൂടുതൽ പ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതിനും കർഷകർക്ക് കൂടുതൽ സഹായങ്ങൾ നൽകുന്നതിനുമുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly